**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2094** **03-03-2025 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക ഭൂഗർഭ ജലസംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഭൂവിനിയോഗ ക്രമത്തിൽ ഉണ്ടായ വ്യതിയാനം മൂലം ജലസംഭരണം, ജലനിർഗ്ഗമനം എന്നിവ വലിയൊരളവിൽ ഇല്ലാതാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സർക്കാർ ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ ഭൂജലസ്രോതസ്സുകളുടെ കാലാനുസൃതമായ വിലയിരുത്തൽ ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി നടത്തുന്നുണ്ട്. 2017 മുതൽ 2024 വരെയുള്ള താരതമ്യ പഠനം നടത്തുമ്പോൾ, സംസ്ഥാനത്തിന്റെ മൊത്തം വാർഷിക ഭൂജല റീചാർജ് 5.77 ൽ നിന്ന് 5.01 ബിസിഎം ആയി കുറഞ്ഞിട്ടുണ്ട്.<br><br>അതിതീവ്ര മഴ പോലെയുള്ള പ്രതിഭാസങ്ങൾ ഉണ്ടാകുമ്പോൾ ഉയർന്നതും ചരിവുകൂടിയതുമായ പ്രദേശങ്ങളിൽ മണ്ണിന് പിടിച്ചു നിർത്താൻ കഴിയുന്നതിലധികം ജലം മണ്ണിൽ സംഭരിക്കപ്പെടുന്നത് മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും വഴിവയ്ക്കും. ഇത് പരിഹരിക്കുന്നതിന് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ "സുരക്ഷിതമാക്കാം പശ്ചിമഘട്ടം" എന്ന ഒരു ക്യാമ്പയിന് രൂപം കൊടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി പശ്ചിമഘട്ട പ്രദേശത്തെ 230 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാപ്പത്തോണിൽപ്പെടുത്തി നീർച്ചാൽ ശൃംഖലകൾ മാപ് ചെയ്യുന്ന പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. 216 സ്ഥലങ്ങളിൽ പ്രവർത്തനം പൂർത്തിയാക്കാനായിട്ടുണ്ട്. ഇതിന് തുടർച്ചയായി നീർച്ചാൽ ശൃംഖലകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി അപകടത്തിന്റെ വ്യാപ്തി കുറയ്ക്കുന്നതിനുള്ള ഇടപെടലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നു വരുന്നു.<br><br>ഹരിതകേരളം മിഷന്റെ ഭാഗമായി 2025 ജനുവരി വരെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, പ്രധാനമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തി 9563 കിണറുകളിൽ റീചാർജിംഗ് സംവിധാനം ഏർപ്പെടുത്തി. അധിക ജലസംഭരണവും റീചാർജിംഗും സാധ്യമാക്കാൻ കഴിയുന്ന തരത്തിൽ |

| | | | |
|---|---|---|---|
| | | | 3805 കുളങ്ങൾ പുനരുജ്ജീവിപ്പിക്കുകയും പുതുതായി 5508 കുളങ്ങൾ നിർമ്മിക്കുകയും ചെയ്തു. നീർച്ചാലുകളിൽ 761 സ്ഥിരം തടയണകളും 71270 താൽക്കാലിക തടയണകളും നിർമ്മിച്ചു. ജലസംരക്ഷണത്തിനും നീരൊഴുക്ക് സുഗമമാക്കുന്നതിനുമായി 40207.7 കി.മീ നീർച്ചാലുകൾ വീണ്ടെടുത്തു |
| (ബി) | ജല ശേഖരം ഭൂഗർഭത്തിൽ സ്വാഭാവികമായി സംഭരിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | (ബി) | **ഭൂജല സംരക്ഷണവും, സംപോഷണവും പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഭൂജല വിതാനം കുറഞ്ഞ മേഖലകളിൽ, ഭൂജല സുസ്ഥിരത ഉറപ്പു വരുത്തുന്നതിനായി ശാസ്ത്രീയമായ പഠനങ്ങൾ നടത്തി പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ റീചാർജ് പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ വകുപ്പ് തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്. മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ/ മഴക്കുഴികൾ/കുഴൽ കിണർ എന്നിവയിലൂടെയുള്ള ഭൂജല സംപോഷണം, ചെറിയ തടയണയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിലൂടെ ഭൂജലവകുപ്പ് നടപ്പിലാക്കി വരുന്നു. 2016 -17 മുതൽ 2024 -25 വരെ ഭൂജല വകുപ്പ് 1051 എണ്ണം വിവിധ ഭൂജല സംപോഷണ പ്രവൃത്തികൾ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പിലാക്കിയ പദ്ധതികളിലൂടെ മഴവെള്ള കൊയ്ത്ത് സാധ്യമാകുകയും ടി പ്രദേശങ്ങളിലെ ഭൂജല സുസ്ഥിരത നിലനിർത്തുന്നതിന് സഹായകമാകുകയും ചെയ്യുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം 6 കോടി രൂപ പ്രസ്തുത പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ